പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 25 10-06-2013-ൽ മറുപടിയ്ക്ക്

നാറാത്ത് സംഭവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എളമരം കരീം<br>ശ്രീ. ജെയിംസ് മാത്യു | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആയുധപരിശീലനം നൽകിവരുന്നതിനിടയിൽ കണ്ണൂരിലെ നാറാത്തു നിന്നും പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ അറസ്റ്റു ചെയ്യപ്പെട്ടത് സംബന്ധിച്ച കേസ് അന്വേഷണം ഇപ്പോൾ എന്ത് ഘട്ടത്തിലാണ്; | (എ) കണ്ണൂരിലെ നാറാത്ത് നിന്നും ആയുധ പരിശീലനവുമായി ബന്ധപ്പെട്ട് പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ അറസ്റ്റുചെയ്യപ്പെട്ട സംഭവത്തിൻ മേൽ മയ്യിൽ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം.276/13 നമ്പർ കേസ് ഇപ്പോൾ അന്വേഷണത്തിലാണ്. പ്രസ്തുത കേസിന്റെ അന്വേഷണത്തിൽ പ്രതികളിൽ ചിലർക്ക് വിദേശത്തുനിന്നും പണം ലഭിച്ചിട്ടുള്ളതായും അവരിൽ ചിലർക്ക് തീവ്രവാദകേസുകളിൽ ഉൾപ്പെട്ടവരുമായി ബന്ധമുള്ളതായും കണ്ടെത്തിയസാഹചര്യത്തിൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ദേശീയ അന്വേഷണ ഏജൻസിയെ ചുമതലപ്പെടുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) നാറാത്തെ പരിശീലന ക്യാമ്പിൽ നിന്ന് അറസ്റ്റുചെയ്യപ്പെട്ടവരെത്ര; ആയുധങ്ങൾ ഉൾപ്പെടെ പരിശീലന കേന്ദ്രത്തിൽ നിന്ന് എന്തെല്ലാമാണ് കണ്ടെത്തിയിട്ടുള്ളത്; | (ബി) ആകെയുള്ള 24 പ്രതികളിൽ 21 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആയുധങ്ങൾ ഉൾപ്പെടെ 168 സാധനങ്ങളാണ് പരിശീലന കേന്ദ്രത്തിൽ നിന്നും കണ്ടെത്തിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) അറസ്റ്റു ചെയ്യപ്പെട്ടവരിൽ തീവ്രവാദ ബന്ധം ഉള്ളവരുണ്ടായിരുന്നുവോ; | (സി) പ്രതികളിൽ ചിലർക്ക് തീവ്രവാദ കേസിൽ ഉൾപ്പെട്ടിട്ടുള്ളവരുമായി ബന്ധം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പോലീസ് അന്വേഷണത്തിൽ ഇരിനകം എന്തെല്ലാം വസ്തുതകൾ കണ്ടെത്തുകയുണ്ടായിട്ടുണ്ടെന്നും സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ? | (ഡി) പോലീസിന്റെ ഇതുവരെയുള്ള അന്വേഷണത്തിൽ പ്രതികൾ നിയമവിരുദ്ധമായി ഒത്തുകൂടി ബോംബ് നിർമ്മാണത്തിലും ആയുധ ഉപയോഗത്തിലും പരിശീലനം നൽകുകയായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കേസിലെ 24 പ്രതികളിൽ 21 പ്രതികളെ അറസ്റ്റുചെയ്യുകയും 168 ഓളം സാധനങ്ങൾ ബന്തവസ്സിലെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വിശദമായ അന്വേഷണത്തിൽ പ്രതികൾക്ക് വിദേശത്തുനിന്നും പണം ലഭിച്ചിട്ടുള്ളതായും അവരിൽ ചിലർക്ക് തീവ്രവാദകേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുമായി ബന്ധമുണ്ടെന്നും തെളിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനായി ദേശീയ അന്വേഷണ ഏജൻസിയെ ചുമതലപ്പെടുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**